തിരുവനന്തപുരം സിറ്റി പോലീസ്

## പത്രക്കുറിപ്പ്

# നിരവധി മോഷണ കേസുകളിലെ പ്രതി രണ്ടു കിലോ ഗഞ്ചാവുമായി പിടിയിൽ

## കോവിഡ്–19

# വിലക്ക് ലംഘനം: 183 പേർക്കെതിരെ നിയമ നടപടി 34,200/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:– തമ്പാനൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ തൈക്കാട് ആശുപത്രിക്ക് സമീപം നിന്നും രണ്ടു കിലോഗ്രാം ഗഞ്ചാവുമായി ഒരാൾ പിടിയിലായതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ജഗതി പനപഴിഞ്ഞി പണയിൽ വീട്ടിൽ വിജയകാന്ത് (27) നെ യാണ് തമ്പാനൂർ എസ് എച്ച് ഓ യുടെ നേതൃത്വത്തിൽ തിരുവനന്തപുരം സിറ്റി ഡാൻസാഫ് (ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ഫോഴ്സ്) ടീം അംഗങ്ങൾ പിടികൂടിയത്. പ്രതി രണ്ടു കിലോ ഗഞ്ചാവ് വില്പനക്കായി കൊണ്ട് പോകുമ്പോഴാണ് പോലീസ് പിടിയിലാകുന്നത്. തിരുവനന്തപുരം സിറ്റിയിലും പരിസര പ്രദേശങ്ങളിലുമായി നിരവധി മോഷണക്കേസുകളിലെ പ്രതിയാണ് പിടിയിലായ വിജയകാന്ത്.



ഗഞ്ചാവുമായി തമ്പാനൂർ പോലീസ് പിടിയിലായ
വിജയകാന്ത് (27)

തിരുവനന്തപുരം സിറ്റിയിൽ മാത്രം ഇയാൾക്കെതിരെ പതിനഞ്ചോളം മോഷണം, മാലപിടിച്ചുപറി കേസുകൾ നിലവിലുണ്ട്. പൂജപ്പുര, വട്ടിയൂർക്കാവ്, ഫോർട്ട്, മ്യൂസിയം,

പേരൂർക്കട, നേമം എന്നീ പോലീസ് സ്റ്റേഷനുകളിലാണ് ഇയാൾക്കെതിരെയുള്ള മോഷണം, മാല പിടിച്ചുപറി കേസുകളിൽ അധികവും. പല പ്രാവശ്യം ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ള ഇയാൾ പിന്നീട് മയക്കുമരുന്ന് കച്ചവടത്തിലേക്കും കൂടി തിരിയുകയായിരുന്നു. പിടിയിലായതിനു ശേഷവും ഇയാളുടെ ഫോണിലേക്ക് മയക്കുമരുന്ന് ആവശ്യവുമായി നിരവധി പേരാണ് വിളിക്കുന്നത്. ഇയാൾക്ക് മയക്കുമരുന്ന് വിൽപ്പന നടത്തുന്ന ആളുകളെക്കുറിച്ച് സിറ്റി ഡാൻസാഫ് ടീം അംഗങ്ങൾ വിശദമായ അന്വേഷണം നടത്തുന്നതാണ്. തിരുവനന്തപുരം സിറ്റി ഡപ്യൂട്ടി കമ്മീഷണർ ദിവ്യ വി. ഗോപിനാഥിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് നാർക്കോട്ടിക് സെൽ അസി. കമ്മീഷണർ ഷീൻ തറയിലിന്റെ നിർദേശാനുസരണം തമ്പാനൂർ എസ് എച്ച് ഒ ബൈജു, എസ് ഐ മാരായ വിമൽ രംഗനാഥ്, അരുൺ രവി, എ എസ് ഐ ഗോപൻ, ഡാൻസാഫ് ടീം അംഗങ്ങളായ എ എസ് ഐ ബാബു, എസ് സി പി ഒ മാരായ സജി, വിനോദ്, സിപിഒ രഞ്ജിത്ത് എന്നിവർ നടത്തിയ അന്വേഷണത്തിലാണ് രണ്ടു കിലോ ഗഞ്ചാവുമായി പ്രതികൾ പിടിയിലായത്.

## സൈബർ സെൽ എസ് ഐ വിരമിക്കുന്നു

മുപ്പത്തി മൂന്ന് വർഷത്തെ സേവനത്തിനു ശേഷം തിരുവനന്തപുരം സിറ്റി സൈബർ സെല്ലിലെ സബ് ഇൻസ്പെക്ടർ വി. മണികണ്ഠൻ നായർ ഇന്നു (31-10-2020) സർവീസ്സിൽ നിന്നും വിരമിക്കുന്നു. കഴിഞ്ഞ 25 വർഷമായി തിരുവനന്തപുരം സിറ്റിയിലെ കമ്പ്യൂട്ടർ സെല്ലിലും സൈബർ സെല്ലിലും ആയി സേവനം അനുഷ്ഠിച്ചു വരുകയായിരുന്നു. പോലീസിൽ കംപ്യൂട്ടറൈസേഷൻ നടപ്പാക്കിയ കാലം മുതൽ തിരുവനന്തപുരം സിറ്റിയിലെ മുഴുവൻ പോലീസ് ഉദ്യോഗസ്ഥർക്കും കമ്പ്യൂട്ടർ പരിശീലനം നൽകുകയും

ചെയ്തു. തലസ്ഥാന ജില്ലയിൽ ഉണ്ടായിട്ടുള്ള നിരവധി സൈബർ കുറ്റകൃത്യങ്ങളിൽ കുറ്റവാളികളെ കണ്ടെത്തുന്നതിനും അന്വേഷണ ഉദ്യോഗസ്ഥരെ സഹായിക്കുകയും ചെയ്തിട്ടുണ്ട്. സൈബർ ഇടങ്ങളിലെ ചതിക്കുഴികളിൽ നിന്നും എങ്ങനെ രക്ഷ നേടാം എന്നതിനെ കുറിച്ച് സ്കൂൾ, കോളേജ്, റസിഡൻസ് അസോസിയേഷൻ എന്നിവ കേന്ദ്രീകരിച്ച അറുനൂറോളം സൈബർ ക്രൈം ബോധവൽകരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്. 2019-ലെ മികച്ച സൈബർ കുറ്റാന്വേഷകനുള്ള കേരളം പോലീസ് ചീഫിന്റെ ബാഡ്ജ് ഓഫ് ഹോണർ, വിശിഷ്ട സേവനത്തിനുള്ള മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ എന്നിവ നേടിയിട്ടുണ്ട്.

## കോവിഡ്-19 സുരക്ഷ- കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ ഇന്നലെ (30-10-2020) പോലീസ് നടത്തിയ പരിശോധനയിൽ 183 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 7 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 164 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 7 പേരിൽ നിന്നുമായി 34,200/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 5 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

കോവിഡ് സമ്പർക്ക വ്യാപനം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ

ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി
30-10-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി